## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.430 | 5.02.2014 ൽ മറുപടിയ്ക്ക് |
| **അംഗൻവാടികളുടെ പ്രവർത്തനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. സി. മോയിൻകുട്ടി**<br>**'' പി. ഉബൈദുള്ള** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സൂപ്പർവൈസർമാർ മാസത്തിൽ ഒരുദിവസമെങ്കിലും സന്ദർശനം നടത്തി പ്രവർത്തനം നിരീക്ഷിക്കുന്നു. ഇതിനു പുറമേ ബ്ലോക്ക് തല ഓഫീസറായ ശിശു വികസന പദ്ധതി ഓഫീസറും ജില്ലാതല ഓഫീസറായ പ്രോഗ്രാം ഓഫീസറും അംഗൻവാടികൾ സന്ദർശിക്കുന്നു. കൂടാതെ അംഗൻവാടി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ അംഗൻവാടിയ്ക്കും വാർഡ് മെമ്പർ ചെയർമാനും അംഗൻവാടി വർക്കർ കൺവീനറുമായ അംഗൻവാടി വെൽഫയർ കമ്മിറ്റിയുണ്ട്. |
| (ബി) അംഗൻവാടിയിലെ കുട്ടികൾക്ക് നല്കുന്ന ഭക്ഷണം ഗുണമേന്മയുള്ളതാണന്നും, ശുചിത്വത്തോടെയാണ് പാകപ്പെടുത്തുന്നതെന്നും ഉറപ്പുവരുത്താനുള്ള പരിശോധനാ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. സ്റ്റോക്ക് ചെയ്തിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ അളവ്, ഗുണനിലവാരം, ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്യുന്നതിലും അത് കുഞ്ഞുങ്ങൾക്ക് വിളമ്പി നൽകുന്നതിലുള്ള ശുചിത്വം എന്നിവയെല്ലാം സൂപ്പർവൈസറും ശിശുവികസന പദ്ധതി ഓഫീസറും പരിശോധിച്ചു ഉറപ്പുവരുത്തുന്നുണ്ട്. 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് കുടുംബശ്രീ മുഖേന നൽകി വരുന്ന 'അമൃതം ന്യൂട്രിമിക്സ്' ഉല്പാദനത്തിന്റെ ഓരോ ഘട്ടത്തിലും ഉല്പന്ന ഗുണമേന്മ ഉറപ്പാക്കാൻ പ്രത്യേക സംവിധാനം കുടുംബശ്രീ നടപ്പാക്കിയിട്ടുണ്ട്. യൂണിറ്റുകൾ അസംസ്കൃത വസ്തുക്കൾ ജില്ലതലത്തിൽ ഗുണമേന്മ ഉറപ്പാക്കി ഒരുമിച്ചാണ് |

| | |
|---|---|
| | വാങ്ങുന്നത്. ഉല്പാദന പ്രക്രിയ ഉല്പാദന സ്ഥലം എന്നിവ പരിശോധിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും ഉദ്യോഗസ്ഥരടങ്ങിയ മോണിറ്ററിംഗ്/ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഫുഡ് & സേഫ്റ്റി ഡിപ്പാർട്ട്മെന്റും യൂണിറ്റുകളിൽ മിന്നൽ പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ സാമ്പിളുകൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ലാബിൽ ഗുണമേന്മ പരിശോധന നടത്തുന്നുണ്ട്. |
| (സി) അംഗൻവാടി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) ഉണ്ട്. എല്ലാവർഷവും മേയ് മാസത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയറും ഐ.സി.ഡി.എസ് സൂപ്പർവൈസറും കൂടി വാടക കെട്ടിടം ഉൾപ്പെടെയുള്ള അംഗൻവാടി കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ